റഷ്യൻ റിയാക്ടറുകൾ
കമ്മ്യൂണിസ്റ്റ് വിരുദ്ധ ചേരിയിലും
ഫ്രഞ്ച് റിയാക്ടറുകൾ
മുതലാളിത്ത ചേരിയിലുമാണെന്ന
ഇന്ത്യൻ ഇടതുപക്ഷത്തിന്റെ
കാപട്യത്തെ തുറന്നുകാണിക്കുന്നു

**എ. മുത്തുകൃഷ്ണൻ**

# ഇടതുപക്ഷത്തിന്റെ ആണവകാപട്യം

**ജെയ്താപൂരിലെ** 'കൊങ്കൺ ബചാവോ സമിതി'യുമായി ചേർന്ന് ലോകത്തിലെ ഏറ്റവും വലിയ ആണവനിലയം അവിടെ സ്ഥാപിക്കുന്നതിനെതിരെ സമരം ചെയ്യുന്ന കക്ഷികളാണ് സി.പി.എമ്മും സി.പി.ഐയും. സുരക്ഷാപ്രശ്നങ്ങൾക്കു പുറമെ കൊങ്കൺ തീരത്തിന്റെ മാത്രം വരദാനമായ അൽഫോൺസോ മാമ്പഴങ്ങൾക്ക് വംശനാശഭീഷണി ഉയർത്തുകകൂടി ചെയ്യുന്നു ജെയ്താപൂർ ആണവനിലയം. പ്രകാശ് കാരാട്ടും ബർദാനും മുഖ്യനേതൃത്വങ്ങളായുള്ള ഒരു സമരസമിതി ഇവിടെ രൂപീകരിക്കുകയുണ്ടായി. ആന്ധ്രാപ്രദേശിലെ ശ്രീകാകുളത്തെ കൗവ്വാടാ ആണവനിലയത്തിനെതിരെയുള്ള പ്രക്ഷോഭത്തിലും എല്ലാ ഇടതുകക്ഷികളും പങ്കെടുക്കുന്നുണ്ട്. പക്ഷേ ഇടത് രാഷ്ട്രീയകക്ഷികൾ തമിഴ്നാടിലെ കൂടകുളം ആണവനിലയത്തിന് സ്വാഗതമോതുകയാണ് ചെയ്യുന്നത്. ഇന്ത്യയിലെമ്പാടുമുള്ള ആണവവിരുദ്ധ പ്രവർത്തകർക്കിടയിൽ ഇടതുപാർട്ടികളുടെ ഈ ഇരട്ടത്താപ്പ് നയം ഏറെ ചർച്ചകൾക്ക് വഴിവെച്ചിരിക്കുകയാണ്. റഷ്യൻ റിയാക്ടറുകൾ കമ്മ്യൂണിസ്റ്റനുഭാവ ചേരിയിലും ഫ്രഞ്ച് റിയാക്ടർ മുതലാളിത്തചേരിയിലുമാണ് എന്നതുപോലെയാണ് അവർ പെരുമാറുന്നത്. കൂടങ്കുളത്ത് മാസങ്ങൾക്ക് മുമ്പ് പ്രക്ഷോഭം ആരംഭിച്ചതു മുതൽ സി.പി. എമ്മും, സി.പി.ഐയും പ്രത്യക്ഷത്തിൽ ആണവ അനുകൂല നിലപാടാണ് കൈക്കൊണ്ടിട്ടുള്ളത്. ജനകീയ മുന്നേറ്റത്തെ വിലകുറച്ച് കാണിച്ച്, തമിഴ്നാട്ടിലെ ഊർജ്ജപ്രതിസന്ധി പരിഹരിക്കാനുള്ള ഏകപോംവഴി എന്ന നിലയിൽ എത്രയും വേഗം നിലയം പ്രവർത്തനമാരംഭിക്കണമെന്നാണ് അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാമിന്റെ അഭിപ്രായങ്ങളെ ന്യായീകരിച്ചുകൊണ്ട്, കൂടങ്കുളത്തെ പൊതുസുരക്ഷ ഉറപ്പാക്കുകയും ഇരുന്നൂറു കോടി രൂപ കേന്ദ്രസർക്കാർ വികസനപ്രവർത്തനങ്ങൾക്കായി നല്കുകയും വേണമെന്നാണ് സി.പി. എം സംസ്ഥാന സെക്രട്ടറി ജി. രാമകൃഷ്ണൻ 2012 മാർച്ച് 1-ാം തീയതി ആവശ്യപ്പെട്ടത്. ഈ വാദത്തിന് സമാനമായി, സി.പി.ഐ സംസ്ഥാന സെക്രട്ടറി ഡി. പാ

**പരിഭാഷ: അജിതൻ**
*(കടപ്പാട്: www.dianuke.org)*

ണ്ഡ്യൻ പറഞ്ഞത്, സമൂഹത്തിനാകെ ഭീഷണി സൃഷ്ടിച്ചുകൊണ്ട് പവർകട്ട് കൂടിക്കൂടി വരുന്ന സാഹചര്യത്തിൽ ഊർജ്ജപ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സത്വരനടപടികളെടുക്കണമെന്നാണ്. കൂടംകുളം ആണവനിലയം പ്രവർത്തനമാരംഭിക്കുന്നതിനെ സി.പി.ഐയും പിന്തുണക്കുന്നു. തദ്ദേശീയരുടെ ന്യായമായ അവകാശങ്ങൾ പരിഗണിച്ച് തൊഴിൽ നഷ്ടം പോലെയുള്ള കാര്യങ്ങൾ എത്രയും വേഗം പരിഹരിക്കേണ്ടതാണ് എന്നാണ് അവർ പറയുന്നത്. കേന്ദ്രസംസ്ഥാന സർക്കാരുകൾ നിയമിച്ച വിദഗ്ധ സമിതികൾ നിലയത്തിന്റെ സുരക്ഷ ഉറപ്പാക്കിയതിനെതുടർന്ന് സമരപരിപാടികൾ ഉപേക്ഷിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് സി.പി.എം സംസ്ഥാന സമിതി കൂടങ്കുളം ആണവവിരുദ്ധ പ്രവർത്തകരെ സമീപിച്ചിരുന്നു. മറ്റൊരു പ്രസ്താവനയിൽ സി.പി.എം സംസ്ഥാന സെക്രട്ടറി ജി. രാമകൃഷ്ണൻ, പ്ലാന്റ് നിർമ്മാണ നടപടികളുമായി മുന്നോട്ടു പോകാനുള്ള സംസ്ഥാന സർക്കാർ തീരുമാനത്തെ അനുമോദിക്കുകയുണ്ടായി. നിലയത്തിന്റെ പ്രവർത്തനം തുടങ്ങുന്നതിനായുള്ള പരിപാടികളെ പിന്തുണക്കാൻ തദ്ദേശീയരോട് അദ്ദേഹം ആഹ്വാനം ചെയ്തു. സമരക്കാർക്കെതിരെ ക്രിമിനൽ കേസുകൾ ഫയൽ ചെയ്യുന്നതിനു പകരം കൂടങ്കുളം നിലയത്തിന്റെ സാങ്കേതിക സുരക്ഷയെക്കുറിച്ചുള്ള ജനങ്ങളുടെ ഭീതി അകറ്റാൻ നടപടികളെടുക്കുകയാണ് സർക്കാർ ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

മാർച്ച് 25-ാം തീയതി സി.പി.ഐ സംസ്ഥാന സെക്രട്ടറി, കൂടങ്കുളം നിലയം കമ്മീഷൻ ചെയ്യാനുള്ള സംസ്ഥാന സർക്കാർ തീരുമാനത്തെ പിന്തുണച്ചുകൊണ്ട് അവിടെ ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും തമിഴ്നാടിന് നല്കണമെന്നാവശ്യപ്പെട്ടു. ആണവവിരുദ്ധ പ്രവർത്തകരെ മോചനദ്രവ്യത്തിനായി രാജ്യത്തെ പീഡിപ്പിച്ചവർ എന്ന് ആക്ഷേപിച്ചുകൊണ്ട് നിലയം ഒരു ദേശീയ ആസ്തിയാണെന്നും നമ്മളത് ഉപയോഗിക്കേണ്ടിയിരിക്കുന്നെന്നും അദ്ദേഹം പറഞ്ഞു. മുമ്പ് ഡി. രാജയും ഏതാണ്ടിതേ സ്വരത്തിൽ അമേരിക്കൻ എൻ.ജി.ഒ കളുടെ കൂടങ്കുളം പ്രവർത്തനങ്ങൾ ഒറ്റപ്പെടുത്തണമെന്നും അവർക്കെതിരെ നടപടികളെടുക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

കുറച്ചു ദിവസങ്ങൾക്കുമുമ്പ് കൂടങ്കുളം പ്രക്ഷോഭകരെ നേരിടുന്നതിനായി പതിനായിരക്കണക്കിന് പോലീസുകാരെ സംസ്ഥാനം വിന്യസിച്ചപ്പോൾ സി.പി.ഐ സംസ്ഥാന സെക്രട്ടറി പറഞ്ഞത്, "നിങ്ങൾക്ക് ആണവനിലയം പ്രവർത്തിപ്പിക്കേണ്ടതില്ലെന്നാണെങ്കിൽ, ദയവുചെയ്ത് നഷ്ടപരിഹാരം കൈപ്പറ്റി സ്ഥലം വിടൂ" എന്നാണ്. ഈയിടെ സി.പി.എമ്മിന്റെ തമിഴ്നാട് സംസ്ഥാന സമ്മേളനം നടന്നപ്പോഴും പ്രകാശ് കാരാട്ട് പറഞ്ഞത്, "ഈ പ്രശ്നം വിശദീകരിക്കാനാവാത്തത്ര സങ്കീർണ്ണമാണ്"എന്നാണ്. "പഴയ സോവിയറ്റ് യൂണിയനും ഇന്ത്യയും തമ്മിലുള്ള കരാറെന്ന നിലക്ക്, കൂടംകുളം ആദ്യ റിയാക്ടറിനോട് അനുകൂലനിലപാടാണ് സി.പി.എമ്മിനുള്ളത്. എന്നാൽ മുതലാളിത്ത സ്വഭാവമുള്ള റഷ്യയിലെ പുതിയ സർക്കാരുമായി



കാർട്ടൂൺ: വി.എസ്. ഗിരീശൻ

**കേന്ദ്ര – സംസ്ഥാന സർക്കാരുകൾ നിയമിച്ച വിദഗ്ധ സമിതികൾ സുരക്ഷ ഉറപ്പാക്കിയതിനെതുടർന്ന് സമരപരിപാടികൾ ഉപേക്ഷിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് സി.പി.എം സംസ്ഥാന സമിതി കൂടങ്കുളം ആണവവിരുദ്ധ പ്രവർത്തകരെ സമീപിച്ചിരുന്നു. മറ്റൊരു പ്രസ്താവനയിൽ സംസ്ഥാന സെക്രട്ടറി ജി. രാമകൃഷ്ണൻ, പ്ലാന്റ് നിർമ്മാണ നടപടികളുമായി മുന്നോട്ടു പോകാനുള്ള സംസ്ഥാന സർക്കാർ തീരുമാനത്തെ അനുമോദിക്കുകയുണ്ടായി**

ഒപ്പുവച്ചതുകൊണ്ടും പൂർണ്ണമായും ബിസിനസ്സ് താത്പര്യങ്ങളുള്ള കരാറായതുകൊണ്ടും കൂടംകുളത്ത് തുടർന്നു വരാനിരിക്കുന്ന മൂന്നു ഫേസുകളെയും ഞങ്ങളെതിർക്കും. ഇന്ത്യയെ യു.എസ്, യു.കെ, ഫ്രഞ്ച് തുടങ്ങിയ രാജ്യങ്ങളുടെ മിലിറ്ററി പങ്കാളിയാക്കി മാറ്റിയ 123 കാരാർ പ്രകാരം, ഇപ്പോൾ കൂണുപോലെ പൊട്ടിമുളച്ചുകൊണ്ടിരിക്കുന്ന എല്ലാ റിയാക്ടറുകൾക്കും എതിരാണ് സിപി.എം" എന്ന് പറഞ്ഞാണ് അദ്ദേഹം അവസാനിപ്പിച്ചത്. ഈ പ്രശ്നത്തിൽ സംശയത്തിൽപ്പെട്ടുഴലുന്ന പാർട്ടി സഖാക്കളെ ഈ പ്രസ്താവന കൂടുതൽ ബുദ്ധിമുട്ടിലാക്കി. ആണവവിരുദ്ധ പ്രക്ഷോഭകർ ഉന്നയിക്കുന്ന ലളിതമായ ചോദ്യങ്ങൾക്കുപോലും മറുപടി നൽകാൻ കേന്ദ്രസംസ്ഥാന സർക്കാരുകൾ തയ്യാറായിട്ടില്ല. പക്ഷേ തദ്ദേശീയരായ ദരിദ്രമുക്കുവരെ

പലവിധ സമ്മർദ്ദങ്ങളിൽപ്പെടുത്തി ഭയചകിതരാക്കുന്നതിൽ ഏറെ തൽപ്പരരാണ് അവർ. ആദ്യം ക്രിസ്തുവിനോട് ചേർത്തുനിർത്തി പ്രതിരോധ പരിപാടികൾക്ക് വർഗ്ഗീയചായ ചാർത്തിക്കൊടുക്കാൻ ശ്രമിച്ച കോൺഗ്രസ് അത് പരാജയപ്പെട്ടതിനെ തുടർന്ന് നക്സൽ പ്രതിഛായ വരുത്തിയിരിക്കുകയാണ് ഇപ്പോൾ. പ്രക്ഷോഭകർ ഉയർത്തുന്ന ചോദ്യങ്ങൾക്കുള്ള മറുപടിയെല്ലാം സർക്കാരിനും ന്യൂക്ലിയോക്രസിക്കും നന്നായി അറിയാം. പക്ഷേ ബഹുകോടി ഡോളർ ഉടമ്പടികളും തത്ഫലമായുള്ള കമ്മീഷനുകളുമാണ് അവർക്ക് പ്രിയങ്കരം.

വി.വി.ഇ.ആർ 1000 ന് ഏറെ സുരക്ഷാ പ്രശ്നങ്ങളുണ്ട്. ഫിഷൻ ചെയിൻ റിയാക്ഷൻ തടയുന്നതിനുള്ള നിർണ്ണായകഘടകമായ കൺട്രോൾ റോഡ് മെക്കാനിസത്തിന്റെ വിശ്വാസ്യതയെക്കുറിച്ച് ഒരുപാട് ചോദ്യങ്ങൾ ഇതുവരെയുള്ള പ്രവർത്തനങ്ങൾ ഉയർത്തുന്നുണ്ട്. കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ, ചെക്ക് റിപ്പബ്ലിക്കിലെ ടെമിലിനിലും, ബൾഗേറിയയിലെ കോസ്ലോഡിയിലും റിയാക്ടർ അപകടമോ താപമുന്നേറ്റമോ ഉണ്ടായാൽ നിയന്ത്രിക്കേണ്ടിയിരുന്ന കൺട്രോൾ റോഡുകൾ മുൻകൂട്ടി നിശ്ചയിച്ചതുപോലെ പ്രവർത്തിച്ചില്ലെന്നും കണ്ടതാണ്. 2000 മാർച്ച് ഒന്നിന് കോസ്ലോഡിയിലെ യൂണിറ്റ് മുഴുവൻ ശേഷിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കേ, വൈദ്യുതിത്തകരാറുമൂലം നാലു പൈപ്പുകളിലൊരെണ്ണം പണിമുടക്കി. റിയാക്ടർ പവർ ശേഷിയുടെ 62 ശതമാനമാക്കി കുറച്ചെങ്കിലും മൂന്നു കൺട്രോൾ റോഡ് അസംബ്ലികളും തെറ്റായ ദിശയിൽത്തന്നെ തുടർന്നു. ബാക്കിയുള്ള 61 അസംബ്ലികളിൽ 22 എണ്ണവും നിർദ്ദേശങ്ങൾക്കു വഴങ്ങിയില്ല. കൺട്രോൾ റോഡുകൾ സ്ഥാപിക്കുന്നതിലുള്ള പരാജയങ്ങൾ അതീവ ഗുരുതരമായാണ് കണക്കാക്കപ്പെടുന്നത്. പ്രത്യേകിച്ചും അപകടത്തിനിടയാക്കിയേക്കാവുന്ന ഒരു സംഭവമുണ്ടാവുകയാണെങ്കിൽ കഴിഞ്ഞ 25 വർഷകാലയളവിൽ ചെർണോബില്ലും കോസ്ലോഡിയിലും ടെമിലിനിലും മറ്റുമായി ഉണ്ടായിട്ടുള്ള പത്തുലക്ഷത്തിലധികം പേരുടെ ജീവഹാനിയെ മുൻനിർത്തി ഊർജ്ജദാഹികളായ മാലോകർ ഇനിയും ജീവൻ പണയപ്പെടുത്തിയിട്ടുള്ള ഈ പ്രക്രിയയിൽ നിന്നും പാഠങ്ങൾ പഠിക്കേണ്ടതാണ്. എന്നാൽ വി.വി.ഇ.ആറിനൊപ്പം ഇത്രയും ദുരന്തങ്ങൾ പതിയിരുന്നിട്ടും ഇടതുകക്ഷികൾ പോയ കാലത്തിന്റെ ഗൃഹാതുരതയിൽ അഭിരമിക്കുകയാണ്.

വി.വി.ഇ.ആർ - റഷ്യൻസംവാദങ്ങളിൽ ഉൾപ്പെട്ടുകൊണ്ട് ന്യൂക്ലിയർ ചിയർലീഡർമാരുടെ നേതാവ് എ.പി.ജെ. അബ്ദുൾ കലാം ഈയിടെ ഒരു ലേഖനത്തിൽ പറഞ്ഞത്, കേവലം 57 പേർ മാത്രമേ ചെർണോബിൽ അപകടത്തിൽ മരണമടഞ്ഞിട്ടുള്ളൂ എന്നാണ്. ഇതിനു വിപരീതമായി ഗാർഡിയൻ പത്രത്തിന്റെ പരിസ്ഥിതി എഡിറ്ററായ ജോൺ വിദാൽ പറയുന്നതു നോക്കൂ. "അഞ്ചുവർഷം മുമ്പ്, അപ്പോഴും അതിരൂക്ഷമായ അണുമലിനീകരണം നടന്നുകൊണ്ടിരുന്ന ഉക്രെയിന്റെ ചില ഭാഗങ്ങളും ബെലാറസ് അതിർത്തിയും ഞാൻ സന്ദർശിച്ചു. 1986 ഏപ്രിൽ 26ലെ അതിഭീകരമായ അണുവികിരണം പടർന്നിറങ്ങിയത് ഈ ഭാഗങ്ങളിലായിരുന്നു. ആണവ അപകടത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ഡോക്ടർമാരോടും ശാസ്ത്രജ്ഞന്മാരോടും അമ്മമാരോടും അവശേഷിച്ച ഗ്രാമീണരോടും കുട്ടികളോടും സംസാരിക്കാൻ ഇപ്പോൾ വികിരണഭീഷണിയെ ലഘൂകരിച്ചുകാണിക്കുന്ന മുഖ്യശാസ്ത്രജ്ഞനായ ജോൺ ബെഡ്ഡിങ്ങ്ടണേയും ജോർജ്ജ് മോൺട്രിയോടിനെപ്പോലുള്ള പരിസ്ഥിതി വിദഗ്ധരേയും ഞാൻ വെല്ലുവിളിച്ചു. ആരും ശബ്ദിച്ചില്ല. ഞങ്ങൾ ആശുപത്രിയിൽനിന്നും ആശുപത്രികളിലേക്കു നടന്നു. മലിനീകരണം സംഭവിച്ച ഓരോ ഗ്രാമങ്ങളും സന്ദർശിച്ചു. ആശുപത്രി വാർഡുകളിൽ ജനന വൈകല്യം സംഭവിച്ച കുഞ്ഞുങ്ങളേയും അംഗവൈകല്യം വന്നവരെയും കണ്ടു. പേരറിയാത്ത രോഗങ്ങളോടെയുള്ള കുഞ്ഞുങ്ങൾ, വീടുകൾ തോറും വളർച്ച മുരടിച്ച ചെറുപ്പക്കാർ, വികലാംഗർ. വീടുകളിലെ മിക്ക അംഗങ്ങളും രോഗികളാണെന്ന് ഗ്രാമീണർ പറഞ്ഞു. അപകടത്തിനു ശേഷം 20 വർഷം കഴിഞ്ഞും ബോൺ ക്യാൻസറിന്റെ കേട്ടുകേൾവിപോലുമില്ലാത്ത ചില രൂപപരിണാമങ്ങൾ അവിടെ കണ്ടു. 'ചെർണോബിൽ നെക്ക്ലെസ്' എന്ന് ഗ്രാമീണർ വിളിക്കുന്ന തൈറോയ്ഡ് ക്യാൻസർ വളരെ സാധാരണമാണ് അവിടെ."

കൂടങ്കുളത്ത് ജനങ്ങളുടെ അഹിംസാസമരം നയിക്കുന്ന എസ്.പി. ഉദയകുമാർ ഒരു അഭിമുഖത്തിൽ പറഞ്ഞു. "സിപിഐയും സിപിഎമ്മും ആശയകുഴപ്പത്തിലാണ്. സിപിഎം ജെയ്താപൂരിൽ ആണവവിരുദ്ധരാണ്. പക്ഷേ കൂടങ്കുളത്ത് അവർ ആണവ അനുകൂലികളാണ്. അണുവായുധങ്ങൾക്ക് എതിരാണവർ. എന്നാൽ ഊർജാവശ്യത്തിന്റെ കാര്യത്തിൽ ആണവ അനുഭാവികളും." ഇടതുപക്ഷക്കാർ ഇപ്പോഴും വിശ്വസിക്കുന്നത് രാഷ്ട്രപുരോഗതിക്ക് നേരിട്ടുള്ള അനുപാതത്തിൽ വൈദ്യുതി ആവശ്യമാണ് എന്നാണ്. ഒരു ആണവവിപത്തിന്റെ ഇരട്ട സഹോദരങ്ങളാണ് ജെയ്താപൂരും കൂടങ്കുളവുമെന്ന് ഇടതുപക്ഷക്കാർ തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

## ടോൾ വിരുദ്ധ സമിതി സെക്രട്ടേറിയറ്റ് മാർച്ച്

ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം തടയുന്ന ബി.ഒ.ടി ചുങ്കപ്പാതയ്ക്കെതിരെ രണ്ട് മാസത്തിലധികമായി തൃശ്ശൂർ ജില്ലയിലെ പാലിയേക്കര ടോൾ പ്ലാസയ്ക്ക് സമീപം നടക്കുന്ന അനിശ്ചിതകാല നിരാഹാര സമരങ്ങളെയും പ്രക്ഷോഭങ്ങളെയും സർക്കാർ തുടർച്ചയായി അവഗണിക്കുകയാണ്. സമരം ഉന്നയിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യാൻ ഇതുവരെ തയ്യാറാകാത്ത സർക്കാർ സ്വകാര്യ കമ്പനിയുടെ ചുങ്കം പിരിവിന് എല്ലാ സംരക്ഷണവും നൽകുന്നുണ്ട്. സർക്കാരിന്റെ നിഷേധാത്മക നിലപാടിൽ പ്രതിഷേധിച്ച് സംയുക്ത സമരസമിതിയുടെയും ദേശീയപാത സംരക്ഷണ സമിതിയുടെയും നേതൃത്വത്തിൽ ഏപ്രിൽ 25ന് സെക്രട്ടേറിയറ്റിലേക്ക് ബഹുജന മാർച്ച് സംഘടിപ്പിക്കുന്നു. ഏപ്രിൽ 19ന് മണ്ണുത്തിയിൽ നിന്നും ആരംഭിക്കുന്ന മാർച്ച് അഞ്ച് ദിവസം കാൽനടയായി സഞ്ചരിച്ചാണ് തിരുവനന്തപുരത്തെത്തുന്നത്. *ബന്ധങ്ങൾക്ക്: 9946229484*

## കർഷകരക്ഷാ സദസ്സ്

കേരളത്തിന്റെ രക്ഷയ്ക്ക് കർഷകരേയും കൃഷിയിടങ്ങളേയും സംരക്ഷിക്കണമെന്ന മുദ്രാവാക്യവുമായി സംസ്ഥാനതല കൃഷി-പരിസ്ഥിതി-പ്രതിരോധ പ്രവർത്തകരുടെ കൂട്ടായ്മ 2012 ഏപ്രിൽ 27ന് പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് വച്ച് നടക്കുന്നു. *ബന്ധങ്ങൾക്ക്: 9495169930, 9495093190*